(ബി) എൽ. ഐ. സി. 572.48 കോടി രൂപ
ജി. ഐ. ഡി. 123.76 "
എൽ.സി.ഡി.സി. 38.66 "
നബാർഡ് 25.82 "

(സി) 90 കോടി രൂപ കൊടുത്തിട്ടുണ്ട്.

റവന്യൂ വരുമാനം

132 (420) ഡോ. എം. എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-91ലും 1995-96ലും ഗവൺമെന്റിന്റെ റവന്യൂ വരുമാനം എത്ര വീതമായിരുന്നു ;

(ബി) 1996-97, 1997-98, 1998-99, 1999-2000 എന്നീ കഴിഞ്ഞ നാല് സാമ്പത്തിക വർഷം റവന്യൂ വരുമാനം എത്ര വീതമായിരുന്നു ;

(സി) ഈ നാല് വർഷങ്ങളിൽ എ.ആർ.എം. ആയി എത്ര സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു എന്നും എത്ര രൂപ വീതം സമാഹരിക്കാൻ സാധിച്ചു എന്നും വ്യക്തമാക്കാമോ ;

(ഡി) 1990-91, 1995-96, 1996-1997, 1997-98, 1998-99, 1999-2000 എന്നീ ആറ് വർഷങ്ങളിലെ റവന്യൂ വരുമാനത്തിൽ നികുതി വരുമാനവും നികുതിയേതര വരുമാനവും എത്ര വീതമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1990-91 2,402.93 കോടി രൂപ
1995-96 5,423.56 കോടി രൂപ
(ബി) 1996-1997 6,145.08 കോടി രൂപ
1997-98 7,124.11 കോടി രൂപ
1998-99 7,200.59 കോടി രൂപ
1999-2000 8,736.91 കോടി രൂപ
(പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം)

(സി) ലക്ഷ്യമിട്ട തുക
1996-97 93.00 കോടി രൂപ
1997-98 225.70 കോടി രൂപ
1998-99 317.00 കോടി രൂപ
1999-2000 396.55 കോടി രൂപ
2000-2001 108.10 കോടി രൂപ

എ.ആർ.എം. വഴിയുള്ള വരവ് പ്രത്യേകമായി അക്കൗണ്ട് ചെയ്യാത്തതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി)	വർഷം	നികുതി വരുമാനം	നികുതിയേതര വരുമാനം
	1990-91	1,826.60 കോടി	208.81 കോടി
	1995-96	4,419.64 "	535.49 "
	1996-97	5,141.15 "	513.80 "
	1997-98	5,772.79 "	552.11 "
	1998-99	6,031.86 "	557.66 "
	1999-2000	6,728.72 "	530.72 "

നികുതി പിരിവ്

133 (424) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം ഓരോ നികുതിയിനത്തിലും എന്തു തുക പിരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് ഓരോ നികുതിയിനത്തിലും എന്തു തുക പിരിച്ചെടുത്തുവെന്നും ഇത് ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനം വരുമെന്നും വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷവും നടപ്പ് സാമ്പത്തിക വർഷവും ഓരോ നികുതിയിനത്തിലും ഇതേ കാലയളവിൽ നടത്തിയ നികുതി പിരിവുമായി തുലനം ചെയ്ത് പുരോഗതി വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും തരത്തിലുള്ള ഉൽപ്പന്നങ്ങളുടെ വില വർദ്ധന ഈ പിരിവിന് സഹായമായിട്ടുണ്ടോയെന്നും എത്ര കണ്ട് അധിക വരുമാനം ഇതുവഴി സാദ്ധ്യമായി എന്നും വിശദമാക്കാമോ ;

(ഇ) ഏതെങ്കിലും നികുതികളിൽ മുൻകൂർ പിരിവ് ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് കാലയളവുവരെയുള്ള എന്തു തുകയ്ക്കുള്ള നികുതി അധികമായി പിരിച്ചെടുത്തുവെന്ന് ഓരോ നികുതിയിനവും തിരിച്ച് അറിയിക്കുമോ ;

(എഫ്) ഓരോ നികുതിയിനത്തിലും എന്തു തുക കുടിശ്ശികയായി പിരിച്ചെടുക്കാനുണ്ട് ;

(ജി) ഓരോ നികുതിയിനത്തിലും എന്തു തുകയ്ക്ക് സ്റ്റേ അനുവദിച്ചിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly